**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6128** **09-11-2021 - ല്‍ മറുപടിയ്ക്ക്**

**ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഐ .സി .ബാലകൃഷ്ണന്‍ ,<br>ശ്രീ. എല്‍ദോസ് പി. കുന്നപ്പിള്ളില്‍,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോണ്‍** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജലസ്രോതസ്സുകള്‍ സംരക്ഷിക്കുന്നതിനും അവയുടെ ഉപയോഗം, പരിപാലനം എന്നിവ ഉറപ്പ് വരുത്തുന്നതിനും ആവിഷ്കരിച്ച പദ്ധതി വിജയപ്രദമാണോ; വിശദീകരിക്കുമോ; | (എ) | വിജയപ്രദമാണ്. സംസ്ഥാനത്ത് ജലസ്രോതസ്സുകള്‍ സംരക്ഷിക്കുന്നതിനും അവയുടെ ഉപയോഗം, പരിപാലനം എന്നിവ ഉറപ്പ് വരുത്തുന്നതിനും ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേര്‍ത്തിരിക്കുന്നു. |
| (ബി) | പുനരുദ്ധരിച്ച ജലസ്രോതസ്സുകള്‍ പരിപാലനമില്ലാതെ വീണ്ടും മലിനമാകുന്നതും നശിക്കുന്നതും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | പുനരുദ്ധരിക്കപ്പെട്ട ജലസ്രോതസ്സുകള്‍, പ്രധാനമായും കുളങ്ങള്‍, തുടര്‍ പരിപാലന മില്ലാതെ പായല്‍/ കളകള്‍ എന്നിവകാരണം മലിനമാകുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. കുളങ്ങള്‍/തോടുകള്‍ എന്നിവയെ ആശ്രയിച്ച് നിലനിന്നിരുന്ന കൃഷി/ കന്നുകാലി വളര്‍ത്തല്‍ എന്നിവയില്‍ വന്ന മാറ്റമാണ് ഇതിന് പ്രധാന കാരണം. ഭൂവിനിയോഗത്തിലും ജനങ്ങളുടെ ജീവിതശൈലിയിലും വന്ന മാറ്റവും ഒരു പ്രധാന ഘടകമായി വിലയിരുത്തുന്നു. |
| (സി) | എങ്കില്‍ ഇവയുടെ സുസ്ഥിര പരിപാലനത്തിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പൊതു ജലലഭ്യത നിലനിര്‍ത്തുന്നതില്‍ ജലസ്രോതസ്സുകള്‍ പ്രധാന പങ്ക് വഹിക്കുന്നു എന്നതുകൊണ്ടുതന്നെ, ശുചീകരിച്ച് പുന:രുദ്ധരി ക്കുന്ന കുളങ്ങള്‍ പ്രദേശിക സാധ്യതകള്‍ക്കനു സരിച്ച് മത്സ്യകൃഷി/ ബണ്ടുകളില്‍ കന്നുകാലികള്‍ക്കാവശ്യമായ പുല്‍വളര്‍ത്തല്‍ തുടങ്ങിയ അവശ്യങ്ങള്‍ക്കായി വിനിയോഗിക്കാന്‍ കഴിഞ്ഞാല്‍ പുന:രുദ്ധരിച്ച ജലസ്രോതസ്സ കളുടെ പരിപാലനം ഉറപ്പാക്കാന്‍ കഴിയും. കാട്ടാക്കട അസംബ്ലി നിയോജക മണ്ഡലത്തില്‍ നടപ്പിലാക്കി വരുന്ന 'വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി' ഇതിനൊരു ഉദാഹരണമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് ഇക്കാര്യത്തില്‍ പ്രധാന പങ്ക് വഹിക്കാന്‍ കഴിയും. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തില്‍ ജലസ്രോതസ്സുകളുടെ സുസ്ഥിരപരിപാലനം |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കേണ്ടത് ആവശ്യമാണ്. ഇവ സംരക്ഷിക്കുന്നത് നമ്മുടെ കടമയാണ് എന്നത് പൊതു സമൂഹത്തിൽ ചർച്ച ചെയ്യുന്നതിനും, ബോധവൽക്കരണത്തിനുമായി ലഘുലേഖകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം ശിക്ഷണനടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ജലസ്രോതസ്സുകളുടെ മലിനീകരണ പ്രവൃത്തികൾ ആവർത്തിക്കാതിരിക്കുന്നതിന് ചെയിൻ ലിങ്ക് ഫെൻസിംഗ് (കമ്പിവല വേലികൾ) സംവിധാനം നടപ്പിലാക്കിവരുന്നു. കനാലുകളിൽ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുകയും കനാലുകൾ മലിനപ്പെടുത്തുന്നതിനെതിരെ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുന്നു. ജലനിധിയിൽ കുടിവെള്ളത്തിന്റെ ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിന് വേണ്ടി കുടിവെള്ള പദ്ധതികളുടെ ഉറവിടം (source) തെരഞ്ഞെടുക്കുന്നതു മുതൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. ഉറവിടവും പരിസരവും മാലിന്യമുക്തമായും, ഉറവിടത്തിൽ മാലിന്യം കലർന്ന ജലം എത്തിച്ചേരാതെയും സംരക്ഷിക്കുന്നു. ജലനിധി പദ്ധതികളുടെ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികളുടെ മേൽ നോട്ടത്തിലാണ് നടത്തുന്നത്. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സ കളിൽ ഏറെയും ജനകീയമായിട്ടാണ് പുനരുജ്ജീവിപ്പിക്കപ്പെട്ടത്. ഇത്തരത്തിൽ പുനരുജ്ജീവന പ്രവർത്തനം നടത്തുന്നതിന് ഒട്ടുമിക്ക സ്ഥലങ്ങളിലും ജനകീയ സംഘാടക സമിതികൾ രൂപീകരിച്ചിരുന്നു. പുനരുജജീവനത്തിന് ശേഷം പലസ്ഥലത്തും ഈ ജനകീയ സമിതികൾ പരിപാലന സമിതികളായി പ്രവർത്തിക്കുന്നു. ഹരിതകേരളം മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി തയ്യാറാക്കിയ നീർത്തട മാസ്റ്റർ പ്ലാനുകളിൽ ഉൾപ്പെട്ട പ്രവൃത്തികൾ വിവിധ സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നിർവ്വഹിച്ചു വരുന്നു. ഇതിന്റെ ഭാഗമായി നേരത്തേ പുനരുജജീവിപ്പിച്ച ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ കഴിയുന്ന രീതിയിലുള്ള പ്രവൃത്തികൾ ഏറ്റെടുക്കാനാകും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സംസ്ഥാനത്തെ പ്രധാന ജലസ്രോതസ്സുകളായ നദികൾ, തടാകങ്ങൾ, കുളങ്ങൾ, നീരുറവകൾ തുടങ്ങിയവ സംരക്ഷിച്ച് പരിപാലിക്കുന്നതിന് വിവിധ ഏജൻസികൾ/ വകുപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും സുസ്ഥിരത ഉറപ്പാക്കുന്നതിനും സംയോജിത നീർത്തടാടിസ്ഥാനത്തിലുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി" - യുടെ ഭാഗമായി തദ്ദേശസ്വയം ഭരണ സ്ഥാപനാടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും ജനപങ്കാളിത്തം ഉറപ്പാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ റിഡ്ജ്-ടു-വാലി സമീപനത്തോടെ ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണ/സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. പുഴകളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിന്റെ ഭാഗമായി ജലസേചന നിർമ്മിതികൾക്കു സമീപം അടിഞ്ഞുകൂടിയ എക്കൽ/ചെളി/മണൽ/മാലിന്യം എന്നിവ നീക്കം ചെയ്യുന്ന പ്രവൃത്തിയും നിർവ്വഹിച്ചു വരുന്നു. ഇത്തരത്തിൽ ഏറ്റെടുത്ത പ്രവൃത്തികൾക്കു പുറമേ, 2018, 2019 വർഷങ്ങളിലെ പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തെ പുഴകളുടെ ഘടനയിൽ വന്ന മാറ്റങ്ങൾ നേരിട്ടു പഠിച്ച് വിലയിരുത്തുന്നതിന് 44 നദികളുടെയും ചുമതല ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ, നിർവ്വഹിച്ചു വരുന്ന/ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിൽ പ്രധാന പങ്കാണ് വഹിച്ചിട്ടുള്ളത്. ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും ഉറപ്പ് വരുത്തുന്നതിനായി പ്ലാൻ പദ്ധതി SDRF, NABARD എന്നിവയിലുൾപ്പെടുത്തിയും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ജലനിധി പദ്ധതികളുടെ സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. ജലനിധി രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്കായി ജല സുരക്ഷാ പ്ലാൻ തയാറാക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 1768 ജല സംരക്ഷണ നിർമ്മിതികൾ പൂർത്തിയാക്കിയിട്ടുണ്ട്. KRWSA തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ലോകബാങ്ക് ധനസഹായത്തോടെയാണ് ജലനിധി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ടി പദ്ധതികളുടെയും അവയുടെ സ്രോതസ്സുകളുടെയും തുടർ സംരക്ഷണവും പരിപാലനവും ഗുണഭോക്തൃ സമിതികളിൽ നിക്ഷിപ്തമാണ്. ജലനിധി പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പദ്ധതികളുടെ സ്രോതസ്സ് സംരക്ഷണത്തിനുവേണ്ടുന്ന നിർദ്ദേശങ്ങളും പരിശീലനവും ഗുണഭോക്തൃ സമിതികൾക്ക് നൽകിയിട്ടുണ്ട് . കൂടാതെ തുറന്ന കിണറുകളിലെ ജല പരിപോഷണത്തിനും പരിപാലനത്തിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ തുക ഉൾക്കൊള്ളിച്ചു ചുവടെ വിവരിക്കുന്ന വിവിധ പദ്ധതികൾ ജലനിധിയുടെ ഭാഗമായ മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു.

- മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം പാത്തി, പൈപ്പ്, ഫിൽറ്റർ സംവിധാനം ഏർപ്പെടുത്തി കിണറുകളിലേക്കു നേരിട്ട് കടത്തിവിട്ട് കിണറുകൾ പരിപോഷിപ്പിക്കുന്ന പദ്ധതി .
- കിണറുകളുടെ ആൾമറ, കിണറുകളിലേക്കു മലിനജലം തടയുന്നതിനാവശ്യമായ പ്ലാറ്റ് ഫോം, മറ്റു അറ്റകുറ്റപണികൾ എന്നിവ നടത്തി കിണറുകൾ പരിപാലിച്ചു സംരക്ഷിക്കുന്ന പദ്ധതി.

- ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുന്നതും വൈദ്യുതീകരിച്ചതുമായ ഏറ്റവും അർഹരായ കുടുംബങ്ങൾക്ക് കിണർ വെള്ളം പമ്പ് ചെയ്തു എടുക്കുന്നതിനു വൈദ്യുതി മോട്ടോർ സ്ഥാപിച്ചു കൊടുക്കുന്ന പദ്ധതി.
- വൈദ്യുതീകരിക്കാത്ത അർഹരായ കുടുംബങ്ങൾക്ക് കിണറുകളിൽ നിന്നും വെള്ളം പമ്പ് ചെയ്തു എടുക്കുന്നതിനു സൗരോർജ്ജ പമ്പ് സ്ഥാപിച്ചു കൊടുക്കുന്ന പദ്ധതി.

മഴക്കൊയ്ത്തിന്റെ ഭാഗമായി പുരപ്പുറ മഴവെള്ള സംരക്ഷണം പദ്ധതിയിൽ നിർമിക്കുന്ന 10000 ലിറ്റർ ശേഷിയുള്ള സംഭരണികളിൽ നിന്നും മഴക്കാലത്ത് ഒഴുകുന്ന അധിക ജലം കിണറുകളിലേക്കു എത്തിച്ചു അവയുടെ പരിപോഷണവും സുസ്ഥിരതയും ഉറപ്പാക്കുന്നു. മേൽ പദ്ധതികൾ ഭൂജല വിതാനം ഉയർത്തുന്നതിന് സഹായകരമാണ് .

ഭൂജലവകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന 'ഭൂജലസംരക്ഷണവും, സംപോഷണവും' എന്ന പ്ലാൻ പദ്ധതി വിജയപ്രദമാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ജലസമൃദ്ധിയുടെ ഭാഗമായി ഭൂജലവകുപ്പ് മുഖേന കാട്ടാക്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ ഭൂജലസംപോഷണ പദ്ധതികൾ വിജയപ്രദമാണ്. വകുപ്പ് നടപ്പിലാക്കുന്ന ഭൂജല സംരക്ഷണ സംപോഷണ പദ്ധതികളുടെ നിർമ്മാണം പ്രധാനമായും പൊതുസ്ഥാപനങ്ങളുടെ പരിസരത്താണ് നടപ്പിലാക്കുന്നത്. ഇവയുടെ തുടർ പരിപാലനം അതാത് സ്ഥാപനങ്ങളാണ് നിലവിൽ നടപ്പിലാക്കുന്നത്.

കേരള വാട്ടർ അതോറിറ്റി കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാതിരിക്കുന്നതിന് പരസ്യബോർഡുകൾ സ്ഥാപിച്ചും വേലി നിർമ്മിച്ചും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും മാധ്യമങ്ങൾ വഴി ബോധവൽക്കരണം നടത്തിയും സ്രോതസ്സുകൾ സംരക്ഷിച്ചുവരുന്നു. കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ സ്വയംഭരണ സ്ഥാപനം, റവന്യൂ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കാറുണ്ട്.

തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള സ്രോതസ്സായ കരമനയാറിന്റെ മലിനീകരണം തടയുവാനായി ഇതിനു ചുറ്റുമുള്ള 19 വാർഡുകളിൽ സ്വിവറേജ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 1513 കോടി രൂപ എസ്റ്റിമേറ്റ് തുകയുള്ള വിശദമായ എൻജിനീയറിങ് റിപ്പോർട്ടും എറണാകുളം ജില്ലയിലെ ആലുവ, ഇടയാർ വ്യവസായ മേഖലയിൽ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പ്ലാന്റിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടും ഭരണാനുമതിയ്ക്കായി തയ്യാറാക്കിയിട്ടുണ്ട്.